REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 14-11-2025 സമയം 06.45 AM

---

## പ്രധാന വാർത്തകൾ

- ബിഹാർ ജനവിധി ഇന്നറിയാം. നിയമസഭാ തിരഞ്ഞെടുപ്പിന്റെ വോട്ടെണ്ണൽ രാവിലെ എട്ടിന് ആരംഭിക്കും.
- തദ്ദേശ പൊതുതിരഞ്ഞെടുപ്പ് വിജ്ഞാപനം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ രാവിലെ പുറപ്പെടുവിക്കും.
- ഡൽഹി കാർബോംബ് സ്ഫോടനത്തിന് ഉത്തരവാദികളായ എല്ലാവർക്കും കടുത്ത ശിക്ഷ നൽകുമെന്ന് ആഭ്യന്തരമന്ത്രി അമിത്ഷാ.
- ഇന്ന് ശിശുദിനം.
- ഇന്ത്യ- ദക്ഷിണാഫ്രിക്ക ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിലെ ആദ്യമത്സരം രാവിലെ ഒൻപതരയ്ക്ക് കൊൽക്കത്ത ഈഡൻ ഗാർഡൻസിൽ ആരംഭിക്കും.

## വാർത്തകൾ വിശദമായി

ബിഹാർ ആർക്കൊപ്പമെന്ന് ഇന്നറിയാം. നിയമസഭാ തിരഞ്ഞെടുപ്പിന്റെ വോട്ടെണ്ണൽ രാവിലെ എട്ടിന് ആരംഭിക്കും. 38 ജില്ലകളിൽ 46 കേന്ദ്രങ്ങളിലാണ് വോട്ടെണ്ണൽ. 243 മണ്ഡലങ്ങളിൽ ഈ മാസം ആറിനും, 11 നും രണ്ട് ഘട്ടങ്ങളിലാണ് തിരഞ്ഞെടുപ്പ് പൂർത്തിയായത്. 1951 നു ശേഷം ഏറ്റവും ഉയർന്ന പോളിംഗ് ശതമാനം ഉണ്ടായതും ഇത്തവണയാണ്- 67.13 ശതമാനം. 616 സ്ഥാനാർത്ഥികളുടെ, ത്രിതല സുരക്ഷയോടെ സൂക്ഷിച്ചിരിക്കുന്ന ജനഹിതം, സ്ട്രോങ് റൂമുകളിൽ നിന്ന് അല്പസമയത്തിനകം പുറത്തെടുക്കും. വിപുലമായ സുരക്ഷാ സംവിധാനങ്ങൾ വോട്ടെണ്ണലിന് ഒരുക്കിയിട്ടുണ്ടെന്ന് ബിഹാർ ചീഫ്

ഇലക്ടറൽ ഓഫീസർ വിനോദ്സിംഗ് ഗഞ്ചിയാർ  ആകാശവാണിയോട് പറഞ്ഞു.

✪✪✪

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ തദ്ദേശ പൊതുതിരഞ്ഞെടുപ്പ് വിജ്ഞാപനം രാവിലെ പുറപ്പെടുവിക്കും.  ഇതിനു ശേഷം രാവിലെ 11 മുതൽ പത്രികാ സമർപ്പണം തുടങ്ങാവുന്നതാണ്.  നവംബർ 21 ന് ഉച്ചകഴിഞ്ഞ്  മൂന്ന് വരെ പത്രിക സമർപ്പിക്കാം.

ഗ്രാമപഞ്ചായത്തിലേയ്ക്ക് 2,000 രൂപയും, ബ്ലോക്ക് പഞ്ചായത്ത്, മുനിസിപ്പാലിറ്റി എന്നിവിടങ്ങളിലേക്ക് 4,000 രൂപയും, ജില്ലാപഞ്ചായത്ത്, കോർപ്പറേഷൻ സ്ഥാനങ്ങളിലേക്ക് 5,000 രൂപയുമാണ് കെട്ടിവയ്ക്കേണ്ട തുക. പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് തുകയുടെ പകുതി മതിയാകും.

✪✪✪

സംസ്ഥാനത്തെ ഒന്നേമുക്കാൽ കോടിയിലേറെ വോട്ടർമാരുടെ കൈകളിൽ എന്യൂമറേഷൻ ഫോം എത്തിയതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ ഡോ. രത്തൻ U കേൽക്കർ അറിയിച്ചു. ഫോം വിതരണം കുറഞ്ഞ ജില്ലകളിലെ കലക്ടർമാരുമായും, ഉദ്യോഗസ്ഥരുമായും അദ്ദേഹം ചർച്ച നടത്തി. പ്രവാസികൾക്കായി പ്രത്യേക കോൾസെന്റർ സംവിധാനം ഇന്നലെ പ്രവർത്തനമാരംഭിച്ചു.

✪✪✪

തദ്ദേശ തിരഞ്ഞെടുപ്പിന്റെ പശ്ചാത്തലത്തിൽ, സമഗ്ര വോട്ടർപട്ടിക പരിഷ്ക്കരണം മാറ്റി വെയ്ക്കണമെന്ന സംസ്ഥാന ഗവൺമെന്റിന്റെ ഹർജിയിൽ  ഹൈക്കോടതി ഇന്ന് ഉത്തരവ് പുറപ്പെടുവിക്കും.  തദ്ദേശ തിരഞ്ഞെടുപ്പിനും SIR നും ഉദ്യോഗസ്ഥരെ ഒരേസമയം നിയോഗിക്കുന്നത് ഭരണ സ്തംഭനമുണ്ടാക്കുമെന്ന് കാണിച്ച്  ചീഫ് സെക്രട്ടറി നൽകിയ ഹർജിയിൽ ഉത്തരവ് ഇന്നത്തേക്ക് മാറ്റുകയായിരുന്നു.

✪✪✪

ക്ഷയരോഗ നിയന്ത്രണത്തിൽ ഇന്ത്യ കൈവരിച്ച  നേട്ടത്തെ പ്രധാനമന്ത്രി നരേന്ദ്ര മോദി പ്രശംസിച്ചു. 2015 മുതൽ ഇന്ത്യയിൽ ക്ഷയരോഗബാധിതരുടെ എണ്ണം  വലിയതോതിൽ കുറഞ്ഞെന്ന ലോകാരോഗ്യ സംഘടനാ റിപ്പോർട്ടിനോട് പ്രതികരിക്കുകയായിരുന്നു പ്രധാനമന്ത്രി.

✪✪✪

ഡൽഹി കാർബോംബ് സ്ഫോടനത്തിന് ഉത്തരവാദികളായ എല്ലാവർക്കും കടുത്ത ശിക്ഷ നൽകുമെന്ന് ആഭ്യന്തരമന്ത്രി അമിത്ഷാ പറഞ്ഞു. ഇന്ത്യയിൽ ഇതുപോലൊരു കുറ്റകൃത്യം ചെയ്യാൻ ഒരു തീവ്രവാദിയും ചിന്തിക്കാൻ പോലും ധൈര്യപ്പെടാത്ത തരത്തിലായിരിക്കും ശിക്ഷയെന്നും, ലോകത്തിന് ഭീകരതയ്ക്കെതിരായ സന്ദേശമായി ഇതു മാറുമെന്നും അമിത്ഷാ വ്യക്തമാക്കി. ഗുജറാത്തിലെ മോത്തിഭായ് R ചൗധരി സാഗർ സൈനിക് സ്കൂളും സാഗർ ജൈവ പ്ലാന്റും വെർച്വലായി ഉദ്ഘാടനം ചെയ്യുകയായിരുന്നുആഭ്യന്തര മന്ത്രി.

✪✪✪

44-ാമത് അന്താരാഷ്ട്ര വ്യാപാര മേളയ്ക്ക് ഇന്ന് ന്യൂഡൽഹി ഭാരത് മണ്ഡപത്തിൽ തുടക്കമാകും. കേന്ദ്ര മന്ത്രി ജിതിൻ പ്രസാദ, മേള ഉദ്ഘാടനം ചെയ്യും. 'ഏക് ഭാരത് -ശ്രേഷ്ഠ ഭാരത്' എന്നതാണ് ഈ വർഷത്തെ മേളയുടെ പ്രമേയം.

മേളയിലെ കേരളത്തിന്റെ പവലിയൻ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. വിവിധ വകുപ്പുകളുടെ സ്റ്റാളുകൾക്ക് പുറമേ, കേരളത്തിന്റെ രുചിവൈവിധ്യമൊരുക്കി കുടുംബശ്രീയും സാഫും ഭക്ഷണശാലകളും ഒരുക്കിയിട്ടുണ്ട്.

UAE, ചൈന, ഇറാൻ, ദക്ഷിണ കൊറിയ, ഈജിപ്ത് എന്നിവ ഉൾപ്പെടെ പന്ത്രണ്ട് രാജ്യങ്ങൾ പതിനാലു ദിവസത്തെ മേളയിൽ പങ്കെടുക്കും.

✪✪✪

വന്ദേമാതര ഗീതത്തിന്റെ 150-ാം വർഷം അഭിമാനവും, ഗൃഹാതുരതയും നിറഞ്ഞ വേളയാണ്. ഒരു കാലത്ത് സ്വാതന്ത്ര്യത്തിന്റെ പ്രതീകമായിരുന്ന വന്ദേമാതരം, പിന്നീട് ഹൃദയങ്ങളെ ഒന്നിപ്പിക്കുന്ന ഗീതമായി മാറി. സംഗീത മാധുര്യത്തിനപ്പുറം, രാജ്യത്തിന്റെ ആത്മാംശമാണ് വന്ദേമാതരം.

ഒരു റിപ്പോർട്ട്

.....(വോയ്സ്).....

വന്ദേമാതരത്തിന്റെ 150 -ാം വാർഷികം നാല് ഘട്ടങ്ങളിലായി ആഘോഷിക്കാൻ കേന്ദ്ര ഗവൺമെന്റ് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ഈ മാസം ഏഴിന് ആദ്യഘട്ടം ആരംഭിച്ചു.

സ്മരണികാ സ്റ്റാമ്പും, നാണയവും പുറത്തിറക്കി. പ്രദർശനങ്ങളും, വന്ദേമാതരത്തിന്റെ ചരിത്രം വെളിപ്പെടുത്തുന്ന ഡോക്യുമെന്ററികളും രാജ്യത്ത് പലയിടത്തും സംഘടിപ്പിച്ചുവരികയാണ്. ബങ്കിംചന്ദ്ര ചാറ്റർജിയുടെ തൂലികയിൽ നിന്ന് പിറന്ന ഗീതം, ഇന്ത്യയുടെ ഹൃദയം നിറഞ്ഞ ചരിത്രമാണ് അനുസ്മരിക്കുന്നത്. വർഷം മുഴുവൻ നീളുന്ന പ്രത്യേക പരിപാടികളും, സംഗീതാനുസ്മരണവും വിവിധ തലങ്ങളിൽ സംഘടിപ്പിക്കും.

ബങ്കിംചന്ദ്രയുടെ ജീവിതവും, സ്വാതന്ത്ര്യ പോരാട്ടത്തിൽ വന്ദേമാതരം വഹിച്ച പങ്കും യുവജനങ്ങൾക്ക് പ്രചോദനമായി മാറുകതന്നെ ചെയ്യും. വന്ദേമാതരവും, ഹർ ഘർ തിരംഗ പ്രചാരണവും ഒന്നുചേർന്ന് രാജ്യസ്നേഹത്തിന്റെ സന്ദേശം ജനങ്ങളിലേക്ക് കൈമാറും. രാജ്യത്തിന്റെ അഭിമാനകരമായ ഭൂതകാലത്തെയും, ഐക്യം, സ്വയംപര്യാപ്തത, സാംസ്കാരിക പൈതൃകം എന്നിവ ഉൾക്കൊള്ളുന്ന ഉജ്ജ്വല ഭാവിയെയും കൂട്ടിയിണക്കുന്ന അനശ്വര ഗീതമായി വന്ദേമാതരം നിലനിൽക്കുക തന്നെ ചെയ്യും.

✪✪✪

ഉപരാഷ്ട്രപതിയും രാജ്യസഭാ ചെയർമാനുമായ C.P രാധാകൃഷ്ണൻ രാജ്യസഭാ ഉപാധ്യക്ഷനും സെക്രട്ടറി ജനറലുമായ ഹരിവൻഷുമായി ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി.പാർലിമന്റ് ശീതകാല മുന്നൊരുക്കങ്ങങ്ങൾ വിലയിരുത്തിയതായി ഉപരാഷ്ട്രപതി സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

✪✪✪

ഇന്ന് ലോക പ്രമേഹ ദിനം. പ്രമേഹവും ക്ഷേമവും എന്നതാണ് ഈ വർഷത്തെ ദിനാചരണ പ്രമേയം. ഇന്റർനാഷണൽ ഡയബെറ്റിക്സ് ഫെഡറേഷന്റെ നേതൃത്വത്തിലാണ് പ്രമേഹ ദിനം ആചരിക്കുന്നത്. ജീവിതശൈലി രോഗം എന്ന നിലയിൽ പ്രമേഹത്തെ ചെറുക്കൻ ആവശ്യമായ ബോധവൽക്കരണമാണ് ലോകമെങ്ങും ഈ ദിനത്തിൽ ലക്ഷ്യമിടുന്നത്.

✪✪✪

ഇന്ന് ശിശുദിനം. കുട്ടികളെ വളരെയധികം സ്നേഹിച്ചിരുന്ന ഇന്ത്യയുടെ ആദ്യ പ്രധാനമന്ത്രിയായിരുന്ന പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ ജന്മദിനമായ നവംബർ 14 ആണ് ശിശുദിനമായി ആഘോഷിക്കുന്നത്. കുട്ടികളുടെ അവകാശങ്ങൾ, പരിചരണം, വിദ്യാഭ്യാസം

എന്നിവയെക്കുറിച്ച് അവബോധം വർദ്ധിപ്പിക്കുകയാണ് ദിനാചരണത്തിന്റെ ലക്ഷ്യം.

നിയമസഭാ സമുച്ചയത്തിൽ സ്ഥാപിച്ച നെഹ്റു പ്രതിമയിൽ നിയസഭാ സെക്രട്ടറി രാവിലെ പുഷ്പാർച്ചന നടത്തും.

രാഷ്ട്രത്തിന്റെ ഭാവിയ്ക്ക് മാർഗ്ഗനിർദ്ദേശങ്ങൾ നല്കുന്ന പൗരൻമാരായി കുട്ടികൾക്ക് വളരാനാകട്ടെ എന്ന് നിയമസഭാ സ്പീക്കർ AN ഷംസീർ ആശംസിച്ചു.

ഇടുക്കി ജില്ലാ ശിശുക്ഷേമ സമിതിയുടെ ആഭിമുഖ്യത്തിൽ ചെറുതോണിയിൽ വിപുലമായ ശിശുദിനാഘോഷം ഒരുക്കിയിട്ടുണ്ട്.

✪✪✪

MSP യിലെയും KAP യിലെയും പരിശീലനം പൂർത്തിയാക്കിയ 406 റിക്രൂട്ട് ട്രെയിനി പൊലീസ് സേനാംഗങ്ങളുടെ സംയുക്ത പാസിങ് ഔട്ട് പരേഡ് വൈകിട്ട് നടത്തും. മലപ്പുറം MSP ഗ്രൗണ്ടിലെ ചടങ്ങിൽ സംസ്ഥാന പോലീസ് മേധാവി റവഡ ചന്ദ്രശേഖർ മുഖ്യാതിഥിയാകും.

✪✪✪

ഇന്ത്യ- ദക്ഷിണാഫ്രിക്ക ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിലെ ആദ്യമത്സരം രാവിലെ ഒൻപതരയ്ക്ക് കൊൽക്കത്ത ഈഡൻ ഗാർഡൻസിൽ ആരംഭിക്കും. രണ്ടാം മത്സരം 22 ന് ഗോഹട്ടിയിലെ ബർസാപാഡ സ്റ്റേഡിയത്തിലാണ്.

✪✪✪

ഇന്ത്യ- ദക്ഷിണാഫ്രിക്ക A ടീമുകളുടെ ആദ്യ ഏകദിന ക്രിക്കറ്റിൽ രാജ്കോട്ടിൽ ഇന്ത്യയ്ക്ക് നാല് വിക്കറ്റ് വിജയം. 286 റൺസ് വിജയലക്ഷ്യം മൂന്ന് ബോളുകൾ ശേഷിക്കെ ഇന്ത്യ മറികടന്നു. ആറ് വിക്കറ്റിന് 290 റൺസെടുത്താണ് ഇന്ത്യ A യുടെ ആധികാരിക വിജയം.

✪✪✪

അഞ്ചാം സീസണിലെ ചാമ്പ്യൻസ് ബോട്ട് ലീഗിന്റെ അടുത്ത മത്സരം നാളെ ചെങ്ങന്നൂർ നെട്ടയത്ത് നടത്തും. ഉച്ചയ്ക്ക് ആരംഭിക്കുന്ന മത്സരത്തിൽ 9 ചുണ്ടൻ വള്ളങ്ങൾ പങ്കെടുക്കുമെന്ന് ടൂറിസം വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു.

✪✪✪

ഫിഡെ ലോകകപ്പ് ചെസിൽ ഇന്ത്യയുടെ ഗ്രാൻഡ് മാസ്റ്റർമാരായ അർജ്ജുൻ എരിഗേസിയും, P ഹരികൃഷ്ണയും പ്രീക്വാർട്ടറിൽ കടന്നു. അർജ്ജുൻ ഹംഗേറിയൻ താരത്തെയും , ഹരികൃഷ്ണ സ്വീഡൻ താരത്തെയും തോൽപ്പിച്ചാണ് അടുത്ത റൗണ്ടിൽ പ്രവേശിച്ചത്. R പ്രഗ്നനാന്ദ റഷ്യൻ താരത്തോട് പരാജയപ്പെട്ട് ടൂർണമെന്റിൽ നിന്ന് പുറത്തായി.

✪✪✪

12-ാമത് N.N പിള്ള സ്മാരക സംസ്ഥാന പ്രൊഫഷണൽ നാടക മൽസരം ഇന്ന് കാസർകോട് മാണിയാട്ട് ആരംഭിക്കും. ഈ മാസം 23 വരെ മാണിയാട്ട് K. കുഞ്ഞിരാമൻ സ്മാരക ഓപ്പൺ ഓഡിറ്റോറിയത്തിലാണ് നാടക മത്സരം. 23 ന് അവാർഡ് വിതരണവും സമ്മാനദാനവും നടത്തും.

✪✪✪

ഇന്നലെ അന്തരിച്ച പ്രമുഖ ആയുർവ്വേദ ചികിത്സകൻ ഡോ. C.A രാമന്റെ സംസ്കാരം ഞായറാഴ്ച ഉച്ചയ്ക്ക് തിരുവനന്തപുരം ശാന്തി കവാടത്തിൽ നടത്തും. നാളെ രാവിലെ മുതൽ വൈകിട്ട് ചൊവ്വര സോമതീരം ആശുപത്രിയിൽ ഭൗതിക ശരീരം പൊതുദർശനത്തിന് വെയ്ക്കും.

✪✪✪

പാലക്കാട് കൽപ്പാത്തിയിൽ ഒന്നാം തേരുത്സവദിനമായ ഇന്ന് രാവിലെ രഥ പ്രയാണത്തിന് തുടക്കമാകും. മൂന്ന് നാളത്തെ ദേവ രഥ പ്രദക്ഷിണങ്ങൾക്ക് ശേഷം ഞായറാഴ്ച സന്ധ്യക്കാണ് ദേവരഥ സംഗമം.

✪✪✪

തിരുവനന്തപുരം വെട്ടുകാട് മാദ്രെ ദെ ദേവൂസ് ദേവാലയത്തിലെ തിരുനാളിന് ഇന്ന് കൊടിയേറും. ഈ മാസം 28 വരെയാണ് ആഘോഷം. തിരുനാൾ പ്രമാണിച്ച് ഇന്ന് തിരുവനന്തപുരം, നെയ്യാറ്റിൻകര താലൂക്കുകളിലെ എല്ലാ ഗവണ്മെന്റ് ഓഫീസുകൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഉച്ചയ്ക്ക് ശേഷം പ്രാദേശിക അവധി പ്രഖ്യാപിച്ചു. കാട്ടാക്കട താലൂക്കിലെ ഏതാനും വില്ലേജുകളിലും അവധി ബാധകമായിരിക്കും.

✪✪✪

പ്രഥമ മുഹമ്മദ് അബ്ദുറഹ്മാൻ പുരസ്കാരത്തിന് എഴുത്തുകാരൻ പ്രതാപൻ തായാട്ട് അർഹനായി. ദേശീയ നേതാക്കളെക്കുറിച്ചും സ്വാതന്ത്ര്യസമരത്തെക്കുറിച്ചും തയ്യാറാക്കിയ രചനകൾ പരിഗണിച്ചാണ് പുരസ്കാരം.

✪✪✪

കാടാമ്പുഴ ഭഗവതിക്ഷേത്രത്തിന്റെ തൃക്കാർത്തിക പുരസ്കാരം ഡ്രംസ് മാന്ത്രികൻ M. ശിവമണിക്ക് സമ്മാനിക്കും. തൃക്കാർത്തിക ആഘോഷങ്ങൾക്ക് തുടക്കംകുറിച്ച് ഈ മാസം 26-ന് ചേരുന്ന സാംസ്കാരികസമ്മേളനത്തിൽ പുരസ്കാരം സമ്മാനിക്കും. മലബാർ ദേവസ്വംബോർഡ് പ്രസിഡന്റ് O.K വാസു സാംസ്കാരികസമ്മേളനം ഉദ്ഘാടനംചെയ്യും.

✪✪✪

അഖില ഭാരത ചർക്ക സേവാ സംഘത്തിന്റെ നൂറാം വാർഷികം പ്രമാണിച്ച് കോഴിക്കോട് സർവ്വോദയ സംഘം ശിശുദിനത്തിൽ മിഠായിതെരുവ് ഖാദിഗ്രാമോദ്യോഗ് എമ്പോറിയത്തിൽ ഖാദി മഹോത്സവം സംഘടിപ്പിക്കും.

ഖാദിയോട് ആദരവ് പുതുക്കാനും, ഖാദി- സ്വദേശി ഉൽപ്പന്നങ്ങളുടെ പ്രചാരണത്തിന് ഊന്നൽ നൽകാനും ലക്ഷ്യമിട്ടാണ് ഖാദി മഹോത്സവം.

✪✪✪

ട്രെയിനുകളിൽ നിന്ന് യാത്രയ്ക്കിടെ മാലിന്യങ്ങൾ കൃത്യമായി നീക്കം ചെയ്യാനും, കൈകാര്യം ചെയ്യാനും റെയിൽവേ ബോർഡ് സോണുകൾക്ക് വ്യക്തമായ നിർദേശം നൽകി. ശുചിത്വം മെച്ചപ്പെടുത്താനും, യാത്ര കൂടുതൽ സുഖകരമാക്കാനുമാണ് നിർദേശങ്ങൾ എന്ന് റെയിൽവേ മന്ത്രാലയം അറിയിച്ചു. ഉത്തരവാദിത്തം ഫലപ്രദമായി നിർവഹിക്കാൻ ജീവനക്കാർക്ക് മതിയായ പരിശീലനം നൽകണമെന്നും ബോർഡ് നിർദേശിച്ചു.

✪✪✪

---

*News Editor : വി കെ സുരേഷ്*
*News Reader: അനിൽ ചന്ദ്രൻ*
*NRTs: നിമിഷ*
*DEO : ഷീബ*